പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 363 — 06.03.2012-ൽ മറുപടിയ്ക്ക്

വൈദ്യുതി സർചാർജ്ജ്.

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| --- | --- |
| (എ) ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നും യൂണിറ്റ് ഒന്നിന് എത്ര പൈസ നിരക്കിലാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് ; | (എ) വൈദ്യുതി താരീഫ് നോട്ടിഫിക്കേഷൻെറ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) കെ. എസ്. ഇ. ബി ഏറ്റവും ഒടുവിൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചത് എന്നാണ് ; | (ബി) 24-10-2002-ലാണ് കെ. എസ്. ഇ. ബി ഏറ്റവും ഒടുവിൽ വൈദ്യുതി നിരക്ക് സമൂലമായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ളത്. എന്നാൽ റഗുലേറ്ററി കമ്മീഷൻെറ 26-11-2007-ലെ ഉത്തരവ് പ്രകാരം **HT-IV** കൊമേർഷ്യൽ കാറ്റഗറിയുടെ താരിഫ് 01-12-2007- മുതൽ 50 പൈസ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ബൾക്ക് സപ്പൈ്ളെതാരീഫ് 01-12-2010 മുതലും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുതിക്ക് യൂണിറ്റ് ക്രമത്തിൽ നൽകുന്ന വൈദ്യുതി ചാർജ്ജിനു പുറമേ സർചാർജ്ജ് ഈടാക്കുന്ന സമ്പ്രദായം നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര യൂണിറ്റിനുമേൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നാണ് സർചാർജ്ജ് ഈടാക്കുന്നതെന്നും വ്യക്തമാക്കുമോ ; | (സി) ഉണ്ട്.<br>500 വാട്ട് വരെ കണക്ടഡ് ലോഡുള്ള ഗാർഹിക ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുത ഉപഭോഗ നിരക്ക് 20 യൂണിറ്റിൽ താഴെയാണെങ്കിൽ അത്തരം ഉപഭോക്താക്കളിൽ നിന്നും സർചാർജ്ജ് ഈടാക്കുന്നതല്ല. 2011 ഒക്ടോബർ 1 മുതൽ നിലവിൽ വന്ന ഫ്യൂവൽ സർച്ചാർജ്ജിൽ നിന്നും പ്രതിമാസം 120 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോ |

ക്താക്കളെ ഗവൺമെൻറ് 54.60 കോടി രൂപ സബ്സിഡി നൽകിയ തുവഴി ഒഴിവാക്കിയിട്ടുണ്ട്.

(ഡി) നൂറ്റിഇരുപത് യൂണിറ്റിനു താഴെ വൈദ്യുതി ഉപയോഗിക്കുന്ന എത്ര ഉപഭേക്താക്കൾ ഉണ്ടെന്നാണു കണക്കാക്കിയിട്ടുള്ളത് ;

(ഡി) 120 യൂണിറ്റിനു താഴെ വൈദ്യുതി ഉപയോഗിക്കുന്ന 67.83 ലക്ഷം ഉപ ഭോക്താക്കൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ) മുഴുവൻ ഉപഭോക്താക്കളിൽ നിന്നും സർചാർജ്ജ് ഈടാക്കണം എന്ന് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ എന്തു തീരുമാനം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഇ) 2012 ഏപ്രിൽ 1 മുതൽ നിലവിൽ വരുന്ന ഫ്യൂവൽ സർചാർജ്ജിൽ നിന്നും 500 വാട്ട് വരെ കണക്ടഡ് ലോഡുള്ള ഗാർഹിക ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുത ഉപഭോഗനിരക്ക് 20 യൂണിറ്റിൽ താഴെയാണെങ്കിൽ അത്തരം ഉപഭോക്താക്കളെ മാത്രമേ കമ്മീഷൻ ഒഴിവാക്കിയുട്ടുള്ളൂ.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.